# Hydel Bullet

A Monthly Publication of the Kerala State Electricity Board Engineers Association

## Luv Jihad in KSEB through PETARC ???

The Power Engineers Training And Research Centre (PETARC) was set up as a statutory institute mandated by rules to impart training to Electrical Engineers for obtaining license to operate Power Houses and EHT Sub-Stations under KSEB. Later, its ambit has been expanded to impart training in related fields and subjects also. Over the years, the syllabus and faculty have been developing to maturity levels. The faculty skills are getting sharpened by taking cues from feedback and now the PETARC has an in-house team of well accepted faculty members as trainers. The institute has so far conducted seventy batches of induction level training programme for fresh graduate AEs. Surprisingly, when the training programme for the latest batches of AEs has been scheduled, a newfound thesis evolved from the corridors that the syllabus and the faculty members are not up to expectation level. Then followed a hectic reshuffling of faculty members and those supported with excellent feedback response and well recognized professional knowledge are being summarily substituted with those who are otherwise generally busy with the present day phenomenon of committee activities. The shortcomings in syllabus and curriculum are not known! The intention may be to introduce certain extra curriculum items like Street Play action, direction etc. (analogous to the old day varieties of Drill and Craft) with the aim to keep the herd in good humor during anticipated dry days ahead.

If anyone is under the illusion that anti- professional mindset can be induced in newly recruited Assistant Engineers by forcefully capturing the various arenas of HRM through unholy alliance with the corridors of power, we can only say that they have thoroughly under estimated the Engineer mindset. For the last three alternative terms since 1990, one politically affiliated Association in Board has been trying nervously with the help of ruling political patronage to destroy Engineers Association by all means available. Paradoxically, the very same politically trapped handful engineers of yester years are now knocking at the doors of Engineer



പുതുവത്സരാശംസകൾ

## KSEB Engineers Association
**Office Bearers - 2009 - 2010**

**ASSOCIATION**

**President**
Er. G.S. AJIKUMAR

**Vice-President**
Er. K.R. RAJAN

**General Secretary**
Er. GEORGE MATHEW

**Treasurer**
Er. A. RAJENDRAN

**Organising Secretaries**
Er. D.S. RAJESH (S)
Er. T.B. JAGATHY (N)

**Secretaries**
Er. V. RANJIT KUMAR (HQ)
Er. EDWIN CALLISTUS (S)
Er. N.T. JOB (N)

**BENEVOLENT FUND**

**Chairperson**
Er. R. GAYATHRI NAIR

**Secretary**
Er.K. AJITH KUMAR

**Treasurer**
Er. G. SHAJ KUMAR

**Joint Secretaries**
Er. P.JAYAKRISHNAN
Er. K.P. PRADEEP

**EDITORIAL BOARD**

**Chief Editor**
Er. E. MOHAMMED SHEREEF

**Associate Editor**
Er. K. SUNIL
Er. NIRMALA KURIEN

**Ex. Officio Members**
Er. GEORGE MATHEW
Er. D.S. RAJESH
Er. V. RANJIT KUMAR


fraternity after retirement, confessing their mistakes and advising the new generation not to get trapped for short term benefits by narrating their bitter experience. Engineers Association's job became easy not only for this development but also for the hushed advises given by the senior peers of freshers disclosing the cost they are paying for being lured by the promise of posting of choice at the time of appointment whenever the political masters are in power. No amount of the so called "sneha virunnu" at Moolamattom Petarc area can persuade sound minded new Engineers into a forceful mass conversion as faceless members under the auspices of Ministers office. Ironically, after coercing the followers to dance to all the orchestral political tunes and after having cornered all the unprivileged political returns by few of them, now the leaders are desperately trying to convince the newcomers that politics is alien to them. But don't try to take for granted the educated and learnt persons who don't want to surrender the free thinking process. To their question as to what business the local comrades got to canvas for the membership of a service Association even before one decides to join the organization, the "Love Host and Hostess" have no answer. Allow them to join the Organization first. Taking membership of an Association is only a secondary activity. The Engineers have the wisdom to choose an Association that will take care of their professional and organizational needs through independent thinking and observation, no matter in whatsoever manner they are prevented from

# CONGRATULATIONS

## *KSEB Engineers Association Congratulates*



**Er.V.Ramesh Babu**
on his promotion as Chief Engineer
(Commercial & Tariff)



**Er.G.Balachandran**
on his promotion as Chief Engineer
(PED)

coming in contact with their natural Association through political gimmicks.

It is a fact known to all that the Minister's office is thoroughly misused to promote the interest of an Association in Board. The office of the CE (HRM) is virtually taken over by them and if the CE doesn't yield, he is simply bypassed. He is in a situation like that of a Driver in an "L" Board car wherein only the steering is in his hand and the control pedals are under the feet of the takeovers. The CE has only two options; either to steer as ordered by the peddlers or to drive against a dead wall. Many eligibles who refuse to pay " nokkukooli" are now remaining dashed against the dead wall. The latest AE to AEE promotion order is self speaking about the stinking manner by which things are being handled in that office. The order is an advertisement for those who want to get the elevated position in the same office on promotion, no matter how many decades one has been wandering in and around the same area! In this context we recall the pronouncement of the Minister during an appointment with him in the early days of his office. "I might be a Trade Union leader in the past. But now I am a Minister and I will be neutral to all without any political bias." If he is sincere to his words, he should direct the Chairman to set aright the controversial AE to AEE promotion and placement order strictly in accordance with the guidelines prevailing in Board and to take action to restore the authority that has been allowed to strip away from Chief Engineer (HRM) with the backing of his office.

# ALL INDIA POWER ENGINEERS FEDERATION

(Regd.Under Societies Act XXI Of 1860), Regd. No.-24085/93
Corres. Address of Secty. General
Hydel Field Hostel, 17 Rana Pratap MargLucknow-226001
M: 09415006225 Phone : 0522-2205417(Assc.Off), 2423503 (R) FAX:0522-2205417
Email : uprvpabs@sify.net.in/ersdubey@yahoo.com

No. 41/AIPEF/SEB Dated: 11.12.2009

To

Hon'ble Prime Minister
Govt. of India
New Delhi

Sub: Unbundling of SEBs not mandatory.

Sir,

The All India Power Engineers Federation (AIPEF) Federal Executive meeting was held on 15th Nov'09 at Bangalore. Meeting discussed in detail the landmark judgment of Appellate Tribunal for Electricity of Chhattisgarh given on 15th July'09. It has given a ruling that under the provisions of Electricity Act'2003 it is not compulsory or mandatory to unbundle SEB's. AIPEF resolved that in view of this judgment the existing integrated in the case of Punjab, HP, Bihar, Jharkhand, Kerala, T.N. and Meghalaya. It was further resolved by AIPEF that the SEB's which have been split must be merged and integrated into one utility covering Generation, Transmission and Distribution of Electricity. It is requested that to begin with DISCOMS in Karnataka and Madhya Pradesh be merged into one unit as per the proposal of respective states and then process of merging Generation, Transmission and Distribution into one unit be done in all other states wherever SEB's have been unbundled/privatized. In this respect once again I would like to bring following facts in your kind knowledge for taking appropriate action at an earliest.

2. However, the Ministry of Power has been pressurizing the remaining unbundled SEBs to be split up claiming that unbundling is a mandatory provision of the E. Act 2003.
3. The Appellate Tribunal for Electricity in a landmark judgement of 15-7-2009 (appeal 119 of 2008 by Chhatisgarh Transco) has given a clear verdict that it is not compulsory under the E. Act 2003 to split up the SEBs.
4. Para 25 of the judgement states that Sec 131 of E. Act 2003 will come into effect only if and when the State Govt. introduces a transfer scheme.

   The conclusion is that if a State Govt. does not want to unbundle SEB, and does not introduce a transfer scheme, the vertically integrated power utilities can continue.
5. Statement of objects and reason of the E. Act 2003 stipulates:

"Distribution licensee would be free to undertake generation and generation companies would be free to take up distribution licensee".

5.1 Para 14 of APTEL judgment rules

"There is no specific bar in the Act which prevents a transmission licensee from undertaking the activity of distribution".

5.2 The conclusion from above two Paras is that distribution can be integrated with generation as well as with transmission.

The APTEL judgment has beyond shadow of doubt established that even within the provisions of existing Act, generation, transmission and distribution functions can remain integrated, thus the AIPEF view that SEBs must not be unbundled has been upheld and vindicated through the judgment of APTEL of 15-7-2009

6. It is requested that in view of APTEL judgement of 15-7-2009, the Ministry of Power may please be directed on the following points:

a) States which have not yet unbundled the SEBs must not be directed/pressurized by MOP for unbundling.

b) Those states like Kerala & HP which are in the initial stages of unbundling may be given freedom to re-constitute the SEB/Utility in its integrated form.

c) The other States which were unbundled under E. Act 2003 may be advised that they now have the option to integrate the functions of Generation /Transmission / Distribution.

d) Those states which were unbundled prior to E. Act 2003 under provision of State Acts should also be given similar option to integrate their power sector into a single utility.

e) State such as Punjab, HP, Jharkhand, Kerala, and Tamil Nadu which are under strong pressure of MOP to expedite unbundling must be allowed to retain the integrated functioning.

f) After the APTEL judgement the power workers and engineers of Chhatisgarh went on one day strike, since the APTEL judgement was issued on an appeal by Chhatisgarh Transco, and the integrated structure of CSEB is required to be restored.

7. AIPEF seeks an urgent meeting so that the AIPEF can give its views in detail on the subject of retaining the integrated structure in Power Sector.

Thanking you with regards.

Yours faithfully,

Sd/-**Shailendra Dubey**

SecretaryGeneral

CC :

1. Hon'ble Sri Susheel Kumar Shinde, Power Minister, GOI, New Delhi
2. Hon'ble Sri M.S. Solanki, State Power Minister, GOI, New Delhi.
3. Chief Minister – All States.

# അബദ്ധങ്ങളുടെ രാജപാതയിൽ നെറ്റിപ്പട്ടം കെട്ടിയ രാജാവ്

*ഗുരുജി*

ആനകൾക്കാണല്ലോ നെറ്റിപ്പട്ടം കെട്ടാറുള്ളത്. എന്നാൽ അല്ലാത്തവരുംനെറ്റിപ്പട്ടം കെട്ടിയിരിക്കുന്ന കാഴ്ചയാണ് അസിസ്റ്റന്റ് എഞ്ചിനിയർമാരിൽ നിന്നും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ മാരായി പ്രമോഷൻ നല്കികൊണ്ടുള്ള ഉത്തര വിറങ്ങിയപ്പോൾ കണ്ടത്. ഉത്തരവെടുത്തൊന്ന് കണ്ണോടിച്ചാൽ ഒരാളുടെ പേരിനുനേരെ അദ്ദേഹ ത്തിന്റെ സംഘടനയുടെ പേരുകൂടി അച്ചടിച്ചിട്ടുണ്ട്. അതും ഒരാളുടെ പേരിനു നേരെ മാത്രം, ആയതുകൊണ്ട് അദ്ദേഹം ആയിരിക്കാം ഒരു പക്ഷെ ആ സംഘടനയുടെ രാജാവ്. എന്നാൽ നെറ്റിപ്പട്ടം കെട്ടി ആനയെ ബോർഡിന്റെ ഔദ്യോഗിക സൈറ്റിലും കുടിയിരുത്തിയപ്പോൾ അല്പന്റെ നാടൻ ശൈലി ഓർമ്മ വന്നു.

അല്ലെങ്കിൽ അദ്ദേഹത്തിന് അതേ സ്ഥലം പ്രമോഷൻ നല്കി പതിച്ചു നല്കില്ലല്ലോ. ഇനി ആരെങ്കിലും വെട്ടികളയുവാൻ ശ്രമിക്കാതിരിക്കു വാനായിരിക്കാം നെറ്റിപ്പട്ടവും കെട്ടി എഴുന്നള്ളിച്ചത്. മനുഷ്യ വിഭവശേഷി കൂടുതലുള്ള ചീഫ് എഞ്ചിനിയ റെങ്ങാനും ഇദ്ദേഹത്തിന്റെ പേരിനുമുകളിൽ കത്തി വെയ്ക്കാതിരുന്നത് നമ്മുടെ ഭാഗ്യം, പച്ചവെള്ളം പച്ചയല്ലയെന്ന പോലെ ഇറങ്ങുന്ന ഉത്തരവുകൾ വൈദ്യുതി ബോർഡിറക്കുന്നതല്ലെന്ന കാര്യം സുതാര്യമായി കിട്ടിയല്ലോ. ഇനി എല്ലാവരും സംഘടനാടിസ്ഥാനത്തിൽ അപേക്ഷയിൽ എഴുതി വെയ്ക്കുക.

കാത്തു കാത്തിരുന്ന കസ്തൂരിമാമ്പഴം ഇത്ത വണ എന്തായാലും കാക്ക കൊത്തി പോവാ തിരു ന്നത് നമ്മുടെ ഭാഗ്യം. രണ്ടു വർഷമായി ബാഗും തോളിലിട്ട് റെയിൽവേ സ്റ്റേഷനുകളിൽ കാത്തു നില്ക്കുകയായിരുന്ന ഡിപ്ലോമ കേഡറിലുള്ളവർ, ഓരോ വണ്ടി പോയ് കഴിയുമ്പോഴും അടുത്ത അവസാനത്തെ വണ്ടിയ്ക്കായുള്ള കുത്തിയിരുപ്പ് ഒരു വിധം അവസാനിച്ചുവെന്ന് സമാധാനിക്കാം.

തനിക്കു പിന്നാലെ വന്നവൻ മുന്നിലൂടെ ഓടി കടന്നുപോവുന്നതും നോക്കി നിസഹായരായി നോക്കി നിന്നിരുന്ന ഡിഗ്രി കേഡറിലുള്ള വർക്കും അല്പം ആശ്വാസമായി. തൊണ്ണൂറു പേർക്കെങ്കിലും പ്രമോഷൻ ലഭിച്ചുവല്ലോ എന്ന ദീർഘനിശ്വാസം അവർക്കും ലഭിച്ചു.

ഈ ഓട്ടത്തിനിടയിൽ തട്ടി തടഞ്ഞു വീണ് കുറച്ചു പേർ കിടപ്പുണ്ട്. അവരുടെ പ്രവൃത്തിസ്ഥലംഏതെന്നു കണ്ടുപിടിക്കുവാൻ മഷിനോട്ടക്കാരനെ സ്പെഷ്യൽ വിമാനത്തിൽ തിരുവനന്തപുരത്തെത്തിച്ചിട്ടുണ്ട്.അദ്ദേഹത്തിന്റെ മഷിനോട്ടത്തിലൂടെ മാത്രമെ ഇത്രയും പേർ എവിടെയാണ് ജോലി ചെയ്യുന്നതെന്നു കണ്ടു പിടിക്കുവാൻ സാധിക്കുകയുള്ളൂ.

ഒരു കോടിയോളമുള്ള ഉപഭോക്താ ക്കളുടെ വിവരങ്ങൾ നമ്മുടെ കമ്പ്യൂട്ടറു കളിൽ ലഭിക്കുമെങ്കിലും ഇരുപത്തയ്യായിര ത്തിനു താഴെ മാത്രമുള്ള ജീവനക്കാരുടെ വിവരങ്ങൾ ബോർഡിന്റെ ആസ്ഥാനത്തില്ലെന്ന് വരുന്നത് നാണക്കേടാണ്.

ഇത്തവണത്തെ ഉത്തരവ് നേരെ സൈറ്റിലാണ് പിറന്നുവീണത്. മനുഷ്യ വിഭവ ശേഷി കൂടുതലുള്ള ചീഫ് എഞ്ചിനിയർ ഒരു കടലാസിൽപോലും ഒപ്പിടേണ്ടി വന്നിട്ടില്ല. പിന്നെ ജീവനക്കാരുടെ വിവരങ്ങളും അവരെ എവിടേയ്ക്കു വിടണമെന്നും ആർക്കൊക്കെ യാണ് നെറ്റിപ്പട്ടം കെട്ടേണ്ടതെന്നും കുട പിടിക്കേണ്ടതാർക്കുവേണ്ടിയെന്നുള്ള ഡാറ്റ കളുടെ പ്രഭവ കേന്ദ്രത്തിൽ നിന്നു തന്നെ ഉത്തരവിറക്കിയാൽ വേറെ ഒരാളും നോക്കേണ്ട കാര്യമില്ലെന്ന്,പ്രഭവകേന്ദ്രത്തിലുള്ളവർ ക്കറിയാം, വേറെ ആർക്കും അറിയില്ലെങ്കിലും.

ഇങ്ങിനെ വിത്ത്ഹെൽഡ് ആയവരെ കൊണ്ട് വിത്തിട്ട് മുളപ്പിക്കുന്ന വിദ്യ പ്രയോഗി ക്കാനിരിക്കുന്നതേയുള്ളൂ.

ഇതൊരു തന്ത്രമായി പയറ്റിതുടങ്ങിയിട്ടു കുറച്ചുകാലമായി. വിത്ത്ഹെൽഡ് ആയ വരൊഴിച്ചുള്ളവരയെല്ലാം ദൂരേയ്ക്കു പോസ്റ്റ് ചെയ്തു കഴിഞ്ഞ്, ബാക്കി വരുന്ന സ്ഥല

ങ്ങളിൽ ഈ വിത്തു ഹെൽഡുകാർക്ക് നല്കുക എന്നസൂത്രം പ്രയോഗിക്കാറുണ്ട്. അങ്ങിനെ വിത്ത്ഹെൽഡ് ആയവർക്ക് അവർ ഇപ്പോൾ ജോലി ചെയ്യുന്ന സ്ഥലങ്ങൾ കടുത്തുതന്നെ പോസ്റ്റിങ്ങ് നല്കുന്ന ദ്വിമുഖതന്ത്രവും പയറ്റുന്നതിൽ വിരുതന്മാരാണ് പ്രഭവ കേന്ദ്രത്തിലുള്ള വരെന്ന് ഓർക്കുന്നത് നല്ലതാണ്. അങ്ങിനെയുള്ള പരസ്പരസഹായ സംഘങ്ങൾ എല്ലാ പ്രമോഷൻ ഉത്തരവുകളിലും രജിസ്റ്റർ ചെയ്യാറുണ്ട്.

ഇല്ലാത്ത തസ്തികകളിലേയ്ക്കു ചിലർക്കു പ്രമോഷൻ നല്കും. കൊടുക്കുന്നവർക്കും നാണമില്ല , വാങ്ങുന്നവർക്കും നാണമില്ല . റീജണലായി മൂന്നു സ്ഥലങ്ങളിൽ മാത്രം ആഫീസുള്ള ഒരു ഡിപ്പാർട്ടുമെന്റിന് ഒരു ജില്ലയിൽ മാത്രം പ്രത്യേകം ആഫീസ് തുടങ്ങുക അതിലിരിക്കുന്ന ആളെ അവിടെ തന്നെ ഇല്ലാത്ത തസ്തികയിലേക്കു പ്രമോഷൻ. ഇത്യാദി വൈരുദ്ധ്യാത്മക ഭൗതിക വാദത്തിന്റെ നേർ ക്കാഴ്ചകളുടെ അബദ്ധങ്ങൾ നിറഞ്ഞ രാജ പാതയിലൂടെയാണ് നെറ്റിപ്പട്ടം കെട്ടിയ ഗജ വീരൻമാർ ഫാഷൻ വോക്കും നടത്തി മുന്നേറു ന്നത്. അശ്വമേധത്തിനു പകരം ആനമേധമാ ണെന്നു മാത്രം.

# കെ.എസ്.ഇ.ബി. സ്ഥാനക്കയറ്റ ഉത്തരവിലും രാഷ്ട്രീയം

## നുറുങ്ങുവിദ്യ :

Er. M.V.Joy

വീട്ടാവശ്യത്തിന് വെള്ളം പമ്പ് ചെയ്യുന്നതിന്റെ Foot Valve,
നൈലോൺ തുണി സഞ്ചി കൊണ്ട് പൊതിഞ്ഞ് കെട്ടിവയ്ക്കുക.
Foot Valve ൽ കൂടി കരടും ചെറിയ കല്ലുകളും
വലിച്ചെടുക്കുന്നത് തടയുന്നു.

# സിൽവർ സ്കീം

നമ്മുടെ അസോസിയേഷന്റെ ബെനവലന്റ് ഫണ്ട് അതിന്റെ ചരിത്രപരമായ അന്ത:സത്ത ഉൾക്കൊണ്ട് പുതിയ ഒരു ചുവടു വെപ്പിലൂടെ നീങ്ങികൊണ്ടിരിക്കുന്നു. 2008 ലെ സംസ്ഥാന സമ്മേളനത്തത്തിൽ നമ്മളെല്ലാവരും കൂടി യെടുത്ത തീരുമാനപ്രകാരം ബെനവലന്റ് ഫണ്ടിൽ നിന്നും നൽകുന്ന സഹായധനം ഒരു ലക്ഷം രൂപയിൽ നിന്നും രണ്ടു ലക്ഷം രൂപയായി ഉയർത്തിയിരുന്നല്ലൊ. ആ സ്കീമിന് നമ്മൾ നൽകിയിരിക്കുന്ന നാമധേയമാണ് **സിൽവർ** സ്കീം ഇപ്പോൾ ബെനവലന്റ് ഫണ്ട് അംഗ ങ്ങളായ എല്ലാവർക്കും അവരുടെ നിക്ഷേപതുക നാലായിരമായി ഉയർത്തികൊണ്ട് ഈ സ്കീമിൽ ചേരാവുന്നതാണ്. ഈ സ്കീമിൽ അംഗങ്ങളാ കുന്നവരെ സർവീസിലിരിക്കെ മരണം ആവാഹിച്ചാൽ നോമിനിയായി നിർദ്ദശിച്ചവർക്ക് ഫണ്ടിൽ നിന്നും രണ്ടു ലക്ഷം രൂപ സഹായ ധനമായി നൽകുന്നതാണ്. എല്ലാവരും തന്നെ ചേർന്നുകൊണ്ട് കുടുംബത്തിന് സംരക്ഷണ ത്തിന്റേതായ ഒരു വലയം സൃഷ്ടിക്കുവാൻ അണിചേരുക. ഇതുവരെ ഈ സ്കീമിൽ ചേർന്നവർക്ക് നന്ദി രേഖപ്പെടുത്തുന്നു. മററുള്ള വരുടെ കുടുംബങ്ങളെ സഹായിക്കുവാൻ ലഭിക്കുന്ന നന്മയുടെ അവസരമായി ഉൾക്കൊ ള്ളണമെന്നും ബാക്കിയുള്ളവർക്കൂടി ഈ സ്കീമിൽ ചേർന്ന് ഈ സംരംഭം വിജയിപ്പി ക്കണമെന്ന്ഒരിക്കൽകൂടി അപേക്ഷിച്ചുകൊള്ളുന്നു

### <u>ബെനവലന്റ് ഫണ്ട് എക്സ്റ്റന്റഡ് സ്കീം</u>

ബെനവലന്റ് ഫണ്ടിൽ അംഗങ്ങളായവർ സർവീസിൽ നിന്നും വിരമിക്കുന്ന വേളയിൽ നിക്ഷേപത്തുക നൽകി കൊണ്ട് ഇതിൽ അംഗ ങ്ങളാകാം.65വയസ്സിനുള്ളിൽ ദേഹവിയോഗം സംഭവിച്ചാൽ സഹായധനമായി നൽകിയിരുന്ന പതിനായിരം രൂപ ഇരുപതിനായിരം രൂപയായി ഉയർത്തിയിരിക്കുന്നു. ഇപ്പോൾ അംഗങ്ങളായവർ കൂടുതലായി ഒരു സംഖ്യയും നൽകേണ്ടതില്ല.

### <u>ബെനവലന്റ് ഫണ്ട് A ക്ലാസ്</u>

അസോസിയേഷൻ അംഗങ്ങൾക്ക് ബെനവ ലന്റ് ഫണ്ടിൽ രണ്ടായിരം രൂപ നിക്ഷേപിച്ചു കൊണ്ട് **A ക്ലാസ്** അംഗങ്ങളാകാം. ഈ സ്കീമിൽ നിന്നും നൽകുന്ന സഹായധനം ഒരു ലക്ഷം രൂപയായിരിക്കും.

കെ.എസ്.ഇ.ബി.എഞ്ചിനിയേർസ് അസോസിയേഷൻ അംഗങ്ങളായ എല്ലാവരു ടേയും പ്രാർത്ഥനയുടെയും സഹായ സഹകരണ ങ്ങളുടെയും ഫലമാണ് ബെനവലന്റ് ഫണ്ടിൽ നിന്നും പുതിയ സ്കീമുകൾ ആരംഭിക്കുവാൻ സാധിക്കുന്നത്. ഇതിനെല്ലാവർക്കും നന്ദി രേഖപ്പെടുത്തികൊണ്ട് എല്ലാ സംരംഭങ്ങളും വിജയിപ്പിക്കണമെന്നും അപേക്ഷിച്ചുകൊള്ളുന്നു.

എന്ന്,

| | |
|---|---|
| ഒപ്പ് | ഒപ്പ് |
| ചെയർമാൻ | സെക്രട്ടറി |
| ബെനവലന്റ് ഫണ്ട് | ബെനവലന്റ് ഫണ്ട് |

## DISCUSSION FORUM

# RE- REGISTRATION OF CONSUMERS:-

It was generally assumed that consumer's data were fully computerized in the Board, section -wise. Actually only available details were fed into the computer. In fact Mr.Sharma, during his tenure as Electricity Minister in the last days of Nayanar Rule (1996-2001), had admitted that the Board was having only meager details about the consumers and made a fertile attempt to up to date those records by approaching consumers with a controversial questioner. Ironically the Minister's statement was true and Engineers in the Distribution wing may know it better. In large number of cases, service connection registers and agreements were lost during shifting of offices due to premises changes or bifurcation, consumers either owners or tenants dead or transferred/ vacated the premises, load was added or deleted without any authority or intimation, wirings were damaged or non standard, the lists extends further. A periodical arrangement is quite essential to effect these changes and include new data in the consumers records. An organization like K.S.E.Board should have these records fully and correctly maintained for the smooth running of the establishment. By a re-registration programme, we can bring back all missing details into the records, effect changes in the ownership, in corporate additional details like identify of consumers, modification in agreement etc. By insisting a test report of the installation, we can regularize additional load or removed load, ensure safety aspect of the wiring system and bring it to the current level modern standard. Re-registration is not a new idea. It was successfully adopted by Motor Vehicle Department for old vehicles. Hope that the readers would discuss the issue through the coming issues of 'Hydel Bullet'.

Er.P.Madhavan,AEE (retd)/
Kasaragod Unit



Er.V.Manoj,Executive Engineer,Electrical Division,Kasaragod conducting the Energy Conservation class on 11.12.2009 at Govt. HighSchool,Nellikunnu arranged by Kasaragod Unit

# പുതുവത്സര സന്ദേശം

Er. കെ.എം.രാമൻനമ്പൂതിരി

തീവ്രവാദത്തിൻ യുദ്ധകാഹളമൊരുക്കുന്ന
പുതുവത്സരത്തിന്റെ വരവായ് സൂക്ഷിക്കുക.
സാദ്ധ്യമല്ലിനി ഭൂവിൽ സൈ്വര്യമായ് ജീവിക്കുവാൻ
മാനുഷ വർഗ്ഗം തന്നെ രാക്ഷസ സമാനമായ്.
യൌവ്വനകാലം തന്റെ ഊർജ്ജമെല്ലാമീ തീവ്ര-
വാദികൾ നയിക്കുന്ന ബോംബിനും കൊലക്കുമായ്
ഈശ്വര ചൈതന്യത്തെ വിസ്മരിക്കുന്നൂ പാവം
ശത്രു തൻ വെടിയാലെ മരണം വരിക്കുന്നൂ.
ഇവിടെ ഖു-റാൻ, ബൈബിൾ, വേദങ്ങളൊന്നും തന്നെ
ഇത്തരം വാദത്തിനു നമ്മളെ നയിക്കുന്നോ?
മതത്തെ സംരക്ഷിക്കാൻ, വികസിപ്പിക്കാനാരും
ഇത്തരം ദുർമാർഗങ്ങൾ ഉപദേശിക്കുന്നില്ല.
ബൈബിളും, വേദാന്തത്തിൻ തത്വവും, ഖുർആനിലും
സ്നേഹിച്ചു ജീവിക്കുവാൻ നമ്മളെ പഠിപ്പിക്കും
എന്തിനായ് കഠോരമീ മാർഗത്തിൽ മുന്നേറുന്നൂ
ഏതു ലാഭമാണിതിൽ നമുക്കു ലഭിക്കുന്നൂ.
ഇത്തരക്കാരെ നമ്മൾ വേർതിരിച്ചറിയേണം
മതമേതായാലുമീ വർഗ്ഗത്തെ ത്യജിക്കേണം.
കലിതന്നവതാരമായി വന്നിതോ ലോകം
അവസാനിക്കാനുള്ള പ്രകൃതി വികൃതിയോ?
കഴിഞ്ഞ വർഷം തന്നിൽ ബോംബെയും, ബാംഗ്ളൂർ,ദില്ലി
ബോംബിടാൻ തിരക്കിട്ടു കണ്ടുനാം ദൃക്സാക്ഷികൾ.
സാധുക്കൾ സ്വന്തം ജീവൻ എത്രയോ ഹോമിക്കുന്നൂ
രാക്ഷസ വർഗത്തിനോ ആഹ്ലാദം പകരുന്നൂ.
പുതുവത്സരം തന്നിലെങ്കിലും ജഗദീശ
വരസിദ്ധിയാൽ സ്വസ്ഥം ജീവിക്കാൻ കഴിഞ്ഞെങ്കിൽ
സാധനവില ദിനം തോറുമായ് കുതിക്കുന്നൂ.
ഇവിടെ ഭരിപ്പവർ എന്തൊന്നു കാംക്ഷിക്കുന്നൂ.
പാർട്ടിയെ വളർത്തുവാൻ തൻ കീശ വീർപ്പിക്കുവാൻ
മന്ത്രിമാർ പരസ്പരം വാക്കേറ്റം നടത്തുന്നൂ
കലികാലത്തിൻ ദോഷമെന്നതേ പറയാവൂ
ഈശ്വര സാക്ഷാത്ക്കാരം മറ്റെന്തു വഴിയോർത്താൽ.

# ഓർമ്മയുണ്ടോ ഈ മുഖം

Er. N.T.Job

ട്രെയിൻ കാത്ത് പ്ലാറ്റ്ഫോമിൽ ഇരിക്കുക യായിരുന്നു.അരമണിക്കൂർ വൈകിയേ എത്തുക യുള്ളൂവെന്ന് അറിയിപ്പ് വന്ന കാരണം, വടക്കോട്ടാണ് പോകുവാനുള്ളതെങ്കിലും തെക്കോട്ടേക്കുള്ള പ്ലാറ്റ് ഫോമിലാണിരുന്നത്.കയ്യിലുണ്ടായിരുന്ന പത്രം വായിച്ചു സമയം കളയാമെന്നുള്ള ഉദ്ദേശത്തിൽ എടുത്തു വായിക്കുക യായിരുന്നു. അപ്പോഴാണ്ഒരു സ്ത്രീ, അറുപതു വയസിനടുത്തുപ്രായം വരും, അവരെന്റെ മുന്നിലൂടെ കടന്നുപോയി. എന്താണെന്നറിയില്ല ഒന്നു നോക്കിപ്പോയി.,അവരും എന്നേ ശ്രദ്ധിച്ചുവോയെന്ന് തോന്നി. എവിടെയോ കണ്ടുമറന്ന മുഖം, മനസ്സിലാവുന്നില്ല.ഓർമ്മയിൽ പരതി നോക്കി., പിടികിട്ടുന്നില്ല. വീണ്ടും പത്രപാരായണത്തിലേക്കു മടങ്ങി, മനസ്സിന്റെ ഒരു കോണിൽ അന്വേഷണം തുടരുന്നുണ്ടായിരുന്നു.

പോകേണ്ടവണ്ടിഎത്താറായെന്നുള്ള അറിയിപ്പ് കേട്ട് എഴുന്നേറ്റ് നടന്നു. രണ്ടാമത്തെ പ്ലാറ്റ്ഫോമിൽ നിന്നാണ് കയറേണ്ടത്. പത്രം മടക്കി ബാഗിലാക്കി അങ്ങോട്ടു നടന്നു. കോണിപ്പടികൾ കയറി അപ്പുറത്തേക്ക് എത്തി. വടക്കോട്ട് ആളുകൾ കുറവായിരുന്നു. പ്ലാറ്റ് ഫോമിൽ അധികം തിരക്കുണ്ടായിരുന്നില്ല. അധികം വൈകാതെ തന്നെട്രെയിൻ എത്തി, കയറിയയുടൻതന്നെ സീറ്റ്കിട്ടിയത് സമാധാനമായി.

വീണ്ടും മനസ്സിലാ മുഖം തെളിഞ്ഞു വന്നു. മനസ്സിന്റെ അന്വേഷണത്തിലൊന്നും തെളിഞ്ഞില്ല. ചിന്തകളോരോന്നും ചികഞ്ഞു നോക്കി, രക്ഷയില്ല. മെമ്മറിയിൽ സർച്ച് ചെയ്തു നോക്കി, ഒറ്റ നോട്ടത്തിൽ ഒന്നും കണ്ടെത്തിയില്ല .മെമ്മറിയിൽ ഒന്നു കൂടി ആണ്ടുകണക്കിന് സർച്ച് ചെയ്തു നോക്കി, കുട്ടിക്കാലത്ത് പരതി നോക്കി ഇല്ല ജോലി സംബന്ധമായാണോയെന്ന സംശയത്തിൽ ജോലിക്ക് ചേർന്ന കാലം മുതലിങ്ങോട്ട് ഓരോന്നായി ഓർത്തു നോക്കി, പെട്ടെന്ന് മിന്നായം പോലെ ഓർമ്മയിലാമുഖം തെളിഞ്ഞു വന്നു. അന്നവർക്കിത്ര പ്രായമില്ല . അത് ഏത് മനുഷ്യനും അറിയാവുന്ന കാര്യമാണല്ലോ, മുമ്പ് ആർക്കും ഇപ്പോഴത്തെ പ്രായം ഉണ്ടാവില്ലെന്നത്.

പത്തുവർഷം പിന്നിലുള്ള ഒരു ഫോൾഡറിലാണാമുഖം പതിഞ്ഞിരിക്കുന്നത്. ടവർ നിർമ്മാണത്തിനായുള്ള സെക്ഷനിൽ പ്രവർത്തിക്കുന്ന കാലം.ലൈൻനിർമ്മാണം തകൃതിയായി നടക്കുന്ന കാലം.റൂട്ടിലൂള്ള മരംവെട്ടലു പരിപാടികളൊക്കെ കഴിഞ്ഞ് ചില സ്ഥലങ്ങളിൽ സ്റ്റബ് സെറ്റിങ്ങും കഴിഞ്ഞു. ലൈൻ നിർമ്മാണം കഴിഞ്ഞ് കമ്മീഷൻ ചെയ്യുവാനുള്ള തീയ്യതി പോലും നിശ്ചയിച്ചു കഴിഞ്ഞു. ഇതിനിടയിലാണ് കുറച്ചു ദൂരം പ്രശ്നമായി രംഗത്തു വന്നത്. അത്രയും ദൂരം മരങ്ങൾ വെട്ടുവാൻ കഴിഞ്ഞിട്ടില്ല . സ്ഥലത്തിന്റെ ഉടമയായ ഒരു ഡോക്ടർ പരാതിയുമായി രംഗത്തുണ്ട്. പരാതി തീരാത്തതുകൊണ്ട് ഒന്നിനും സാധിക്കുന്നില്ല . കളക്ടർക്ക് പരാതിയായതിനെ തുടർന്ന് അഡീഷണൽ ജില്ലാ മജിസ്ട്രേട്ട് പല തവണ വാദവും പ്രതിവാദവും കേട്ടുകൊണ്ടിരുന്നു.ടവർ ലൈനായതുകൊണ്ട് തീരുമാനമെടുക്കാൻ എ.സി.എമ്മിനും ബുദ്ധിമുട്ട്. മറ്റുള്ള സ്ഥലങ്ങളിലെല്ലാം മരങ്ങൾ വെട്ടി ലൈനിന്റെ പണികൾ നടന്നു കൊണ്ടിരിക്കുന്നതു കൊണ്ട് ലൈനിന്റെ റൂട്ടിന് മാറ്റം വരുത്തിയാൽ നമ്മളാകെ അവതാളത്തിലാകും. സ്ഥലത്തിന്റെ ഉടമസ്ഥർ നല്ല കുലമഹിമയും പിടിപാടുള്ളവരുമായതിനാൽ പല തരത്തിലുള്ള സമ്മർദ്ദങ്ങളും മേലാഫീസറമാരിൽ ഉണ്ടാകുന്നുണ്ടെങ്കിലും ആരും തന്നെ വഴങ്ങാത്ത സാഹചര്യം.ഹിയറിങ്ങിൽ രണ്ടു കൂട്ടർ പറയുന്നതിലും കാര്യമുള്ളതുകൊണ്ട് കളക്ടർക്ക് തീരുമാനം എടുക്കുന്നതിനും ആവുന്നില്ല. ഉടമസ്ഥന്റെ പൂർവികരെ അടക്കം ചെയ്തിരിക്കുന്നത് ലൈൻറൂട്ടിന്റെ അടിയിലാണ്.അതിനോടു ചേർന്നൊരു സ്തൂപവുമുണ്ട്. ഇത് പൊളിച്ചു കളയേണ്ടി വരുമെന്നുള്ളതാണ് പ്രശ്നത്തിനാ

ധാരം. ഇതിന് അഞ്ഞൂറുവർഷമെങ്കിലും പഴക്കമുണ്ടെന്ന് അവർ പറയുന്നു. കളക്ടറും വിഷമവൃത്തത്തിലായത് അതുകൊണ്ടാണ്.

അവസാനംആ ദിവസം വന്നെത്തി.അതൊരു രണ്ടാം ശനിയാഴ്ചയുടെ തലേ ദിവസമായിരുന്നു. അന്ന് അഞ്ചുമണിയോടുകൂടി അറിയാൻ കഴിഞ്ഞു കളക്ടർ നമുക്കനുകൂലമായി വിധി പുറപ്പെടുവിച്ചുവെന്ന്. സ്ഥലമുടമ സുപ്രീം കോടതിവരെ പോകുവാൻ കെല്പും വാശിയു മുള്ളയാളായതുകൊണ്ട് ടെൻഷനായി.തിങ്കളാഴ്ച ഹൈക്കോടതിയിൽ നിന്നും സ്റ്റേ സമ്പാദിക്കുമെന്ന് ഉറപ്പാണ്. ശനി, ഞായർ രണ്ടു ദിവസമാണുള്ളത്. ഈ രണ്ടു ദിവസങ്ങളിൽ ഒന്നും സംഭവിക്കില്ലെന്ന് അറിയാം. ഉടൻ എണ്ണയിട്ട യന്ത്രം കണക്കെ എല്ലാവരും സടകുടഞ്ഞെഴുനേറ്റ്വെള്ളിയാഴ്ച രാത്രി തന്നെ യുദ്ധതന്ത്രം കണക്കെ പരിപാടികൾക്ക് പദ്ധതി രൂപരേഖയാക്കി. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ വളരെ ശക്തമായിതന്നെ രംഗത്തുള്ളതുകൊണ്ട് ഞങ്ങൾക്ക് ധൈര്യമായിരുന്നു. തർക്കപ്രദേശത്ത് ഒരുസസ്പെൻഷൻ ടവറിനുള്ള സ്ഥലമാണുള്ള്. കൂട്ടത്തിൽ കുറെയേറെ മരങ്ങൾ വെട്ടി മാറ്റണം. മരം വെട്ടുകാരുടെ ഒരു സംഘത്തെ തന്നെ വിളിച്ചു വരുത്തിയിരുന്നു. ശനിയാഴ്ച രാവിലെ ആറു മണിക്കു തന്നെ ആഫീസിലെത്തി ക്രമീകരണങ്ങൾ ഓരോന്നായി തുടങ്ങി. ആദ്യം തന്നെ പോലീസ് സ്റ്റേഷനിലേക്ക് ഒരുകത്തു തയ്യാറാക്കി. ഉടമ ഉന്നതനായതിനാൽ പോലീസ് സ്റ്റേഷനിൽ ഇതിനകം തന്നെ സ്വാധീന മുറപ്പിച്ചു കഴിഞ്ഞിരുന്നു. പോലീസുകാർ നിസഹായത പ്രകടിപ്പിച്ചു. സ്റ്റേഷനിൽ ആള് കുറവാണ്, മന്ത്രിമാരുടെ ഉദ്ഘാടന പരിപാടികളുള്ളതുകൊണ്ട് എല്ലാവരും അതിന്റെ ഡ്യൂട്ടിയിലാണ്, ആളെ വിട്ടുതരാൻ ആളില്ലാ, വേണമെങ്കിൽ തിങ്കളാഴ്ച ആളെ തരാം എന്നൊക്കെ. ഇത് കേട്ടതും ഞങ്ങളൊന്നു ഞെട്ടി. തിങ്കളാഴ്ച ആളെ കിട്ടിയിട്ട് എന്തു കാര്യം. അവിടെ നിന്നും മടങ്ങി. ആദ്യത്തെ സ്റ്റെപ്പ് ചീറ്റിപ്പോയതിൽ വിഷമം തോന്നി. ലോറിയിൽ ടവറിന്റെ സ്റ്റബിനുള്ള സാധനങ്ങളും സിമന്റ് ചാക്കുകളുമെല്ലാം കയറ്റിവച്ചു. തർക്ക പ്രദേശത്തേക്ക് യാത്രയായി. പോലിസില്ലാതെ രക്ഷയില്ലെന്നറിയാമെങ്കിലും അവസാന കൈയ്യൊന്നു നോക്കാമെന്നു വെച്ചാണ് പോയത്. സ്ഥലത്തു ചെന്നതും സ്ഥലമുടമയും കൂട്ടാളികളും ഒന്നിനും സമ്മതിക്കില്ലെന്ന രൂപത്തിൽ തടയാൻ നില്ക്കുന്നു. കൂട്ടാക്കാതെ ഞങ്ങൾ മുന്നോട്ടുതന്നെ, കളക്ടറുടെ ഉത്തരവ് കാണിച്ചു കൊടുത്തു. ഉടമസ്ഥൻ നിൽക്കകള്ളിയില്ലാതെ മാറി നിന്നു. മരം വെട്ടുകാരോട് മരം വെട്ടി തുടങ്ങിക്കോളാൻ പറഞ്ഞു.ഏറ്റവും കൂടുതൽ സമയം വേണ്ടി വരുമെന്നുള്ളതു കൊണ്ട് നല്ല വണ്ണമുള്ള ഒരു പുളിമരത്തിൽ തുടങ്ങാനാണ് പരിപാടിയിട്ടത്.

പെട്ടെന്നായിരുന്നു അത് സംഭവിച്ചത്. കോടാലിയുമായി വെട്ടുവാൻ തയ്യാറായി നില്ക്കുന്നവരുടെ മുന്നിലേക്കോടി ഒരു സ്ത്രീ വന്നു. മരത്തെ കെട്ടി പിടിച്ചു നിന്നു. എന്നെ കൊല്ലാതെ ഒരു മരവും നിങ്ങൾക്കു വെട്ടുവാൻ കഴിയില്ല. നിശ്ചയ ദാർഢ്യത്തോടു കൂടിയുള്ള ആ മുഖഭാവം ഞങ്ങളെ അമ്പരപ്പിച്ചു. എന്തിനും തയ്യാറായി നില്ക്കുന്ന അവരെ മാറ്റുവാൻ പലതും പറഞ്ഞു നോക്കി, രക്ഷയില്ല. അവസാനം ഒരു ബുദ്ധിമനസ്സിലുദിച്ചു. വേഗം, കുറച്ചു മാറി നില്കുന്ന ലോറി ഡ്രൈവറോട് ലോറി കൊണ്ടു വരുവാൻ പറഞ്ഞു. അപ്പോഴും ഈ സ്ത്രീ മരത്തെ വട്ടത്തിൽ കെട്ടിപ്പിടിച്ചു നില്കുകയാണ്. നിശ്ചയ ദാർഢ്യം ഇരു ഭാഗത്തുമുള്ളതു കൊണ്ട് എന്തും നടക്കുമെന്നുള്ള അന്തരീക്ഷം. ലോറി മരത്തിനോടടുത്തു നിർത്തി മരം വെട്ടുകാരോട് ലോറിയുടെ മുകളിൽ കയറി കൊമ്പുകൾ വെട്ടിയിറക്കുവാൻ പറഞ്ഞതോടുകൂടി ഇവർ ലോറിയുടെ ചക്രത്തിനടിയിലേക്ക് നീങ്ങുമെന്ന സ്ഥിതിയായപ്പോൾ ലോറി നിറുത്തിയിട്ടു. കുറച്ചുപേർ മുകളിൽ കയറി കൊമ്പുകൾ വെട്ടിയിടുവാൻ തുടങ്ങി. ശിഖരങ്ങളോരോന്നും വെട്ടിയിറക്കുമ്പോഴും ഈ സ്ത്രീ മരത്തെ കെട്ടിപ്പിടിച്ച് നില്ക്കുന്നുണ്ടായിരുന്നു.

കുറച്ചുപേരെ ടവറിനുള്ള കുഴിയെടുക്കുവാൻ വിട്ടു.സ്ഥലം ഉടമ വാശിയുള്ള ആളാണെങ്കിലും മാന്യനായിരുന്നു. ഉത്തരവ് ലംഘിക്കുന്നതിന് അദ്ദേഹം മിനക്കെട്ടില്ല. മരത്തിന്റെ മുകൾ

ഭാഗമെല്ലാം വെട്ടി കഴിഞ്ഞപ്പോഴേക്കും ഈ സ്ത്രീ തളർന്നു പോയിരുന്നു. അവർ വീടിനകത്തേക്കു നീങ്ങി. അതോടെ അടയാളപ്പെടുത്തിയ മരങ്ങളെല്ലാം വെട്ടി നിരത്തി. ജാതിയുൾപ്പെടെ പല ഫലവൃക്ഷങ്ങളും വെട്ടി മാറ്റുമ്പോഴും വിഷമമുണ്ടെങ്കിലും വെട്ടാതെ നിവൃത്തിയല്ലല്ലോ. അന്നുതന്നെ ടവറിനുള്ള കുഴിയെടുത്തു കഴിഞ്ഞു. അടുത്ത ദിവസംതന്നെ സ്ലബ് കോൺക്രീറ്റ് ചെയ്തു. തിങ്കളാഴ്ച കാലത്തു തന്നെ കുഴികളിലേക്ക് മണ്ണ് തിരിച്ചിട്ട് കുഴി നികത്തി ടവർ പകുതിയോളം ഘടിപ്പിച്ചു കഴിഞ്ഞു. കൃത്യം ഒരു മണിയായ പ്പോഴേക്കും ന്യൂസ് എത്തി, കളക്ടറുടെ ഉത്തരവ് ഹൈക്കോടതി സ്റ്റേ ചെയ്തിരിക്കുന്നു.

ഇതിനകം നമുക്കു ചെയ്യുവാനുള്ളതെല്ലാം ചെയ്തു തീർന്നതുകൊണ്ട് സമാധാനമായി. ഇനി ഹൈക്കോടതി റൂട്ടു മാറ്റുവാൻ പറയില്ലെന്ന് ധൈര്യമായി. നഷ്ടപരിഹാരം കൂടുതൽ കൊടുക്കുവാൻ ചിലപ്പോൾ പറഞ്ഞെന്നിരിക്കും. അത്രയേയുള്ളൂവെന്ന സമാധാനമാണുണ്ടായിരുന്നത്.

ഏതോ കാര്യമായ സ്റ്റേഷനിൽ വണ്ടി നിന്നപ്പോഴാണ് ഓർമ്മയുടെ പുസ്തകത്തിൽ നിന്നുമുണർന്നത്. അതേ ആ സ്തീയായിരുന്നു അത്. എന്റെ മുഖം അവർക്കോർമ്മയുണ്ടാവാൻ സാധ്യതയില്ല. എങ്കിലും അവരെന്നെ ശ്രദ്ധിച്ചിരുന്നുവോ ഒരു തോന്നൽ മനസ്സിൽ വന്നു നിറഞ്ഞു.

ഇത്തരത്തിൽ ഓരോരുത്തർക്കുമുള്ള സ്ഥലങ്ങളോടും വസ്തുക്കളോടുമുള്ള അറ്റാച്ച്മെന്റുകൾ പിഴുതെറിഞ്ഞുകൊണ്ടാണ് നമ്മളുടെ പ്രയാണം തുടരുന്നത്.

ലൈനിന്റെ പണി മുഴുവനായി തീരുന്നതിനു മുമ്പെ സ്ഥലം മാറിപ്പോന്നുവെങ്കിലും അന്വേഷിക്കാറുണ്ടായിരുന്നു. ഹൈക്കോടതിയും നമുക്ക് അനുകൂലമായിതന്നെ വിധി പറഞ്ഞതിനെ തുടർന്ന് ലൈൻ വലിച്ച് സമയബന്ധിതമായി തന്നെ കമ്മീഷൻ ചെയ്തിരുന്നു. അൽഷിമേർസ് അത്രയ്ക്കായിട്ടില്ലെന്ന നല്ല ചിന്തയോടെ യാത്ര തുടർന്നു.



Er.Premji Easaw Jacob is releasing **Engineers Diary 2010** by handing over a copy to Er.Mohammed Ali Rather in the GB meeting held at Engineers House, Thiruvananathapuram on 19.12.09.

# K.G. BASIN GAS Row

Er.P.Madhavan.Retd AEE,
Kannur Unit

